(എ) ഈ വർഷം കടൽക്ഷോഭം മൂലം അപകടത്തിൽപ്പെട്ട മത്സ്യ ത്തൊഴിലാളികളെ രക്ഷിക്കുന്നതിന് എത്ര രക്ഷാദൗത്യങ്ങൾ നടത്തിയെന്ന് അറിയിക്കാമോ;

(ബി) ഈ കാലവർഷക്കാലത്ത് കടൽക്ഷോഭം മൂലം നശിച്ചുപോയ മത്സ്യബന്ധനോപകരണങ്ങളുടെ കണക്കും നഷ്ടവും വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 180 രക്ഷാദൗത്യങ്ങൾ

(ബി) ഉണ്ട്. 193 പേർക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടു. 56 ലക്ഷം രൂപയുടെ നഷ്ടം ഈയിനത്തിൽ ഉണ്ടായി.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരണം

138 [1942] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ രൂപത്തിൽ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷനിലെ അംഗങ്ങളുടെ എണ്ണം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ കമ്മീഷനിലെ ജീവനക്കാരെ എങ്ങനെ നിയമിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കമ്മീഷന്റെ ആസ്ഥാനം എവിടെ ആയിരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ രൂപത്തിൽ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ കർണ്ണാടക സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ മാതൃകയിൽ സംസ്ഥാനത്ത് പട്ടികജാതി-പട്ടിവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ളവരിൽ നിന്നും ഒരാളെ ചെയർമാനായും മറ്റൊരാളെ അംഗമായും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പു സെക്രട്ടറി എക്സ് ഒഫിഷ്യോ അംഗവും മെമ്പർ സെക്രട്ടറി യുമായിരിക്കും.

(സി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല. ഇക്കാര്യത്തിൽ നയപരമായ തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണ്.

(ഡി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly